# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3781** **15/12/2014-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. ജി. സുധാകരൻ:<br>ശ്രീ. സി. കൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളികളുടെ ആവാസകേന്ദ്രമാണെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ ആട്ടിയോടിക്കുന്ന തരത്തിലുള്ള നിലപാടുകൾ തിരുത്താൻ സർക്കാർ തയ്യാറാകുമോ; | (എ) കടൽത്തീരവും കായൽത്തീരവും മത്സ്യത്തൊഴിലാളി സമൂഹവും ഉൾക്കൊള്ളുന്ന ജനങ്ങളുടെ ആവാസ കേന്ദ്രമാണ്. പ്രസ്തുത സ്ഥലങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികളെ ഒഴിപ്പിക്കുന്നതിനോ മാറ്റി പാർപ്പിക്കുന്നതിനോ ഉള്ള ഒരു നിലപാടും സർക്കാർ എടുത്തിട്ടില്ല. |
| (ബി) വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ കരപ്രദേശം നിയന്ത്രണ മേഖലയായി പ്രഖ്യാപിച്ചതിനെ ത്തുടർന്ന് ഈ മേഖലയിൽ പുതുതായി വീടുകൾ നിർമ്മിക്കാൻപോലും അനുമതി നിഷേധിക്കുകയാണെന്നറിയാമോ; | (ബി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പ്രകാരം വികസന രഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പുതുതായി വീടുകൾ വയ്ക്കുന്നതിന് അനുമതി നൽകാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) മത്സ്യത്തൊഴിലാളികൾ തീരപ്രദേശങ്ങളിൽ നിന്ന് അകറ്റപ്പെടുമ്പോഴും, വൻവ്യവസായങ്ങൾക്കും ടൂറിസ്റ്റ് റിസോർട്ടുകൾക്കും അനുവാദം നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (സി) തീരദേശ നിയന്ത്രണ മേഖലയിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് കർശനമായ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. തീരപ്രദേശത്തുനിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നത് ശരിയല്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്. |

| | |
|---|---|
| (ഡി) മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ? | (ഡി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 1991 ലാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചത്. തുടർന്ന് 2011-ൽ വീണ്ടും വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനമായതിനാൽ സംസ്ഥാന സർക്കാരിന് വ്യവസ്ഥകൾ പിൻവലിക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ആഫീസർ